കല്ലട ഇറിഗേഷൻ പ്രോജക്ട്

113 [1052] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ബി) ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ചുവടെ നൽകുന്നു:

1. പറവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 23 ാം കി. മീറ്ററിലുള്ള ലിഫ്റ്റിന്റെ പണികൾ. ഇത് 31-8-2005-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇത് 31-10-2005-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

3. പുതുക്കുളം മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെയും സബ് മൈനറിന്റെയും നിർമ്മാണപ്രവർത്തനം. ഈ പണികൾ 31-10-2005-ന് പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മാള നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

114 [1053] *ശ്രീ. ടി. യു. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കൊണ്ടോഴിഞ്ഞാൽ, മാളച്ചാൽ, പുത്തൻചിറ, വഞ്ചിപുരത്താഴം, മംഗലംകുളം-പുഷ്പത്തി, അഷ്ടമിച്ചിറ, തണ്ടാത്തിക്കുളം എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഓരോന്നും ഈ നടപ്പുവർഷം പൂർത്തിയാക്കാൻ കഴിയുമോ;

(ബി) ഗവൺമെന്റിന്റെ "ബഹുദൂരം അതിവേഗം" പദ്ധതിയിൽ ഈ സ്കീമുകളെ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാമോ;

(സി) ഈ പദ്ധതികൾ ഓരോന്നും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5 പദ്ധതികളിൽ, തണ്ടാത്തിക്കുളം എൽ. ഐ. പദ്ധതിയുടെ പണി പൂർത്തിയായി. മംഗലംകുളം-പുഷ്പത്തി ഹരിജൻ കോളനി എൽ. ഐ. പദ്ധതിയുടെ പണി 2005 ഡിസംബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻചിറ എൽ. ഐ. പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കി പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാൻ സത്വരനടപടികൾ എടുത്തുവരുന്നു.

(ബി)& (സി) ഈ പദ്ധതികൾ താഴെപ്പറയുന്ന തീയതികളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1. കൊണ്ടാഴിഞ്ഞാൽ-മാളച്ചാൽ .. ജൂൺ/2006
2. പുത്തൻചിറ .. ജൂൺ/2006
3. വഞ്ചിപ്പുരത്താഴം .. മാർച്ച്/2006
4. മംഗലംകുളം-പുഷ്പത്തി .. ഡിസംബർ/2005
5. അഷ്ടമിച്ചിറ .. മാർച്ച്/2006

ചാത്തന്നൂർ മൈനർ ഇറിഗേഷൻ നിർമ്മാണപ്രവർത്തനങ്ങൾ

115 [1054] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷന്റെ എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിനുവേണ്ടി 14.30 ലക്ഷം രൂപയുടെ മൂന്ന് പണികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച് കരാർ ഉറപ്പിച്ച് പണികൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പണികളുടെ വിവരം താഴെ പറയുന്നു:

1. പദ്ധതി സംരക്ഷണം: ആദിച്ചനല്ലൂർ പഞ്ചായത്തിലെ കുണ്ടമൺ ടാങ്ക്, അടങ്കൽ തുക — 3,60,000 രൂപ

2. പദ്ധതി സംരക്ഷണം: നെടുമ്പന പഞ്ചായത്തിൽ പോങ്ങറക്കോണം ഏലായുടെ നടുത്തോട് സംരക്ഷണം, അടങ്കൽ തുക — 5,86,771 രൂപ.

3. പദ്ധതി സംരക്ഷണം: ചാത്തന്നൂർ പഞ്ചായത്തിൽ മണലിമുക്ക് ഏറാത്തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും നടപ്പാലം നിർമ്മാണവും, അടങ്കൽ തുക 4,83,850 രൂപ.

LIBRARY ARCHIVES Kerala Legislative Assembly